# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2008** **22.03.2012-ലെ മറുപടിക്ക്**

## ട്രഷറി ബാലൻസ്

**ചോദ്യം** **ഉത്തരം**

**ശ്രീ. എം. ഹംസ**

**ശ്രീ. കെ.എം. മാണി**
**ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ.) | 2006 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തിലെ ട്രഷറി ബാലൻസ് എത്രയെന്ന് വ്യക്തമാക്കുമോ ; | 2006 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തിലെ ട്രഷറി ബാലൻസ് 146.72 കോടിയായിരുന്നു. |
| (ബി.) | 2011 മാർച്ച് 31-ന് ട്രഷറി ബാലൻസ് എത്രയായിരുന്നു ; | 2011 മാർച്ച് 31-ന് ട്രഷറി ബാലൻസ് 3513.72 കോടി രൂപയായിരുന്നു. |
| (സി) | 2012 - ഫെബ്രുവരി 29-ലെ ട്രഷറി ബാലൻസ് എത്രയാണ് ; | 2012 - ഫെബ്രുവരി 29-ലെ ട്രഷറി ബാലൻസ് 2864.79 കോടി രൂപയാണ്. |
| (ഡി) | 2011-ൽ അന്നത്തെ ധനകാര്യവകുപ്പ് മന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ അധിക ചെലവിലേയ്ക്കായി എത്ര രൂപ കരുതലായി നീക്കിവച്ചിരുന്നു ; | ശമ്പള പരിഷ്ക്കരണം മൂലം ശമ്പളയിനത്തിൽ പ്രതീക്ഷിച്ചിരുന്ന വാർഷിക അധിക ബാദ്ധ്യതയും 2009 മുതലുള്ള കുടിശ്ശികയും ചേർത്ത് ഏകദേശം 2000 കോടി രൂപയുടെ അധിക ചെലവ് കണക്കിലെടുത്ത് 2011-12 വർഷത്തെ ബജറ്റിൽ ശമ്പളയിനത്തിൽ 16325.89 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | പലിശ രഹിത നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി കൗണ്ടർ തുടങ്ങുവാൻ തീരുമാനിച്ചിരുന്നുവോ; അത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവ് ലഭ്യമാക്കുമോ ; | പലിശ രഹിത നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായുള്ള പ്രത്യേക കൗണ്ടർ ആരംഭിച്ചിട്ടില്ല. |
| (എഫ്) | പ്രസ്തുത കൗണ്ടറുകളിൽ എത്ര വ്യക്തികൾ എത്ര രൂപ നിക്ഷേപിച്ചു; അകെ എത്ര സമാഹരിച്ചു ; | മുൻ പിരിവിലെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യത്തിന് പ്രസക്തിയില്ല. |

<table>
<tr>
<td>(ജി)</td>
<td>2006 മുതൽ 2012 വരെയുള്ള ഓരോ വർഷത്തേയും ജി.എസ്.ഡി.പി. എത്രയാണെന്ന് വ്യക്തമാക്കുമോ ;</td>
<td>
<table>
<tr><th>വർഷം</th><th>2006-07</th><th>2007-08</th><th>2008-09</th><th>2009-10 (പ്രൊവിഷണൽ)</th><th>2010-11 (QE)</th><th>2011-12 (AE)</th></tr>
<tr><td>ജി.എസ്.ഡി.പി.</td><td>153785</td><td>175141</td><td>202783</td><td>232381</td><td>276997</td><td>326693</td></tr>
</table>
</td>
</tr>
<tr>
<td>(എച്ച്)</td>
<td>2006-2012 വരെ ഓരോ വർഷത്തേയും നികുതി വരുമാനം എത്രയാണ്; ഓരോ വർഷത്തേയും വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കുമോ ;</td>
<td>
<table>
<tr><th colspan="7">തനത് നികുതി വരുമാനം</th></tr>
<tr><th>വർഷം</th><th>2006-07</th><th>2007-08</th><th>2008-09</th><th>2009-10</th><th>2010-11</th><th>2011-12 (ജനവരി 31 വരെ)</th></tr>
<tr><td>റവന്യൂ വരുമാനം</td><td>18186.62</td><td>21106.79</td><td>24512.18</td><td>26109.4</td><td>30990.95</td><td>28100.47</td></tr>
<tr><td>വർദ്ധനവ് %</td><td>22.12</td><td>14.46</td><td>16.98</td><td>10.23</td><td>22.24</td><td>18.10 (മുൻ വർഷം ജനുവരി 31 വരെയുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിൽ)</td></tr>
</table>
</td>
</tr>
<tr>
<td>(ഐ)</td>
<td>റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ, റോഡ് ഫണ്ട് ബോർഡ് എന്നിവയുടെ രൂപീകരണത്തിന് ശേഷം ഏതെങ്കിലും വായ്പകൾ ലഭ്യമാക്കിയോ ; എവിടെനിന്നെല്ലാം; എത്ര വായ്പയാണ് ലഭ്യമാക്കിയത് ; ഓരോന്നിന്റേയും വിശദാംശം ലഭ്യമാക്കുമോ ;</td>
<td>റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷന്റെ രൂപീകരണത്തിന് ശേഷം വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 244.22 കോടി രൂപ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 -ൽ ചേർത്തിരിക്കുന്നു.  കേരളാ റോഡ് ഫണ്ട് ബോർഡ് രൂപീകരിച്ച ശേഷം വായ്പയൊന്നും സ്വീകരിച്ചിട്ടില്ല.</td>
</tr>
<tr>
<td>(ജെ)</td>
<td>റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷനും, റോഡ് ഫണ്ട് ബോർഡിനും കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ച ആയിരം കോടി രൂപ കൈമാറ്റം ചെയ്തുവോ;</td>
<td>2011-12 ലെ ആദ്യ ബജറ്റ് എസ്റ്റിമേറ്റിൽ 7075-01-190-96 കേരള റോഡ് ഫണ്ട്ബോർഡ് എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 500 കോടി രൂപയും, 7075-01-190-97 റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ ലോൺ എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 500 കോടി രൂപയും ആദ്യ ബജറ്റിനുള്ള ഭേദഗതി പത്രിക (Alteration Memorandum) പ്രകാരം കുറവ് ചെയ്തിട്ടുണ്ട് അതിനാൽ 2011-12 ലെ ബജറ്റിൽ ഈ തുക നിലനിൽക്കുന്നില്ല.</td>
</tr>
<tr>
<td>(കെ)</td>
<td>മോട്ടോർ വാഹനവകുപ്പിലെ നികുതി വരുമാനം റോഡ് വികസനത്തിനായി എത്ര ശതമാനമാണ് നീക്കിവച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ?</td>
<td>അറ്റകുറ്റ പണികൾ ഉൾപ്പെടെയുള്ള റോഡുവികസന പ്രവർത്തന പരിപാടികൾക്കായി 2251.21 കോടി രൂപ 2011-12 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. വിശദാംശങ്ങൾ അനുബന്ധം 2 -ൽ ചേർത്തിരിക്കുന്നു. ഇത് 2009-10 ൽ വാഹന നികുതിയിനത്തിൽ പിരിച്ച 986.82 കോടി രൂപയുടെ 228.13 ശതമാനമാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

### റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷന് ലഭ്യമായ വായ്പകളുടെ വിവരങ്ങൾ

| ക്രമ നം. | ലോണുകളുടെ ഉറവിടം | ലഭിച്ച തുക (കോടിയിൽ) | ഇപ്പോഴത്തെ നില |
|---|---|---|---|
| 1. | ഹഡ്കോ | 59 | ഷെഡ്യൂൾ പ്രകാരം തുക തിരിച്ചടച്ചുകൊണ്ടിരിക്കുന്നു. 15.99 കോടി രൂപ ഇപ്പോൾ മിച്ചമുണ്ട്. |
| 2. | ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകിയ ബോണ്ട് | 25 | തിരിച്ചടവ് പൂർത്തിയായി. |
| 3. | ധനലക്ഷ്മി ബാങ്കിൽ നിന്നും ടേം ലോൺ | 4.53 | തിരിച്ചടവ് പൂർത്തിയായി. |
| 4. | ധനലക്ഷ്മി ബാങ്കിൽ നിന്നും ബ്രിഡ്ജ് ലോൺ | 2 | തിരിച്ചടവ് പൂർത്തിയായി. |
| 5. | കെ.ആർ.എഫ്. ബോർഡ് | 53.69 | തിരിച്ചടച്ചിട്ടില്ല. |
| 6. | ബ്രിഡ്ജ് ലോൺ ഗവൺമെന്റ് | 100 | തിരിച്ചടച്ചിട്ടില്ല. |
| | **ആകെ** | **244.22** | |

## അനുബന്ധം - 2

### റോഡ് വികസനത്തിനായി വകയിരുത്തിയ തുക സംബന്ധിച്ച വിവരങ്ങൾ

*തുക കോടിയിൽ*

| | | |
|---|---|---|
| 1. | കേരള റോഡ് ഫണ്ട് ബോർഡിന് വകയിരുത്തിയ തുക | 98.68 |
| 2. | റോഡ് ആസ്തികളുടെ സംരക്ഷണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുക | 502.86 |
| 3. | പതിമൂന്നാം ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാന ഹൈവേകളുടെ സംരക്ഷണത്തിനും അറ്റകുറ്റപണികൾക്കും വകയിരുത്തിയ തുക | 220.00 |
| 4. | നാഷണൽ ഹൈവേ വികസനം | 0.28 |
| 5. | സംസ്ഥാന ഹൈവേയുടെ വികസനം | 4.30 |
| 6. | ജില്ലാ റോഡുകളും പാലങ്ങളും | 221.19 |
| 7. | അന്തർ സംസ്ഥാന റോഡുകൾ | 38.82 |
| 8. | മാന്ദ്യ വിരുദ്ധ പദ്ധതി | 175.00 |
| 9. | പൂർത്തിയാകാത്ത പാലങ്ങൾ പൂർത്തീകരിക്കുന്നതിന് വകയിരുത്തിയ തുക | 40.00 |
| 10. | റോഡ് പ്രവൃത്തികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് | 125.00 |
| 11. | സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് | 200.00 |
| 12. | പ്രയോറിറ്റി വർക്കുകൾ | 125.00 |
| 13. | കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട് | 250.00 |
| 14. | അറ്റകുറ്റ പണികൾ | 250.08 |
| | **ആകെ** | **2251.31** |

സെക്ഷൻ ഓഫീസർ